# വററിയ തോടും ശൂന്യമായ തുരുത്തിയും

പാസ്റ്റർ ററി. വി. ജോർജ്ജ്

ഒരു വലിയ വരൾച്ച ദേശത്തു് ഉണ്ടാകുമെന്നു് പ്രവാചക ശ്രേഷ്ഠനായ ഏലിയാവു് പ്രവചിച്ച ശേഷം, ദൈവീക നിർദ്ദേശപ്രകാരം കെരീത്തു് തോട്ടിനരികിൽ അവൻ ഒളിച്ചു പാർത്തു. എന്നാൽ ദേശത്തു മഴ പെയ്യായ്കയാൽ തോടു വററിയപ്പോൾ ദൈവം അവനെ ഫൊയ്നിക്യയിലുള്ള സാരെഫാത്തു് എന്ന ഗ്രാമത്തിലെ ഒരു വിധവയുടെ ഭവനത്തിലേക്കു് അയച്ചു. ഏലിയാവു് അവിടെ ഏറിയനാൾ അഹോവൃത്തി കഴിച്ചു. കെരീത്തു് തോട്ടിങ്കലേക്കു് ഏലിയാവിനെ അയച്ച ദൈവം തന്നെയാണു് സാരെഫാത്തിലേക്കും അവനെ പറഞ്ഞയച്ചതു്. യിസ്രായേൽ ദേശത്തു ജീവിക്കുന്ന ഒരു ദൈവത്തെ ജനത്തിന്റെ മുമ്പിൽ വെളിപ്പെടുത്തുവാൻ ഏലിയാവിന്റെ ജീവിതത്തിൽ ദൈവം ഒരുക്കിയ പാഠശാലയിൽനിന്നും അവൻ ചില ആദ്ധ്യാത്മിക സത്യങ്ങൾ നിശ്ചയമായും പഠിച്ചുവെങ്കിൽ അതു് ഇക്കാലത്തു് നമ്മോടുള്ള ആത്മാവിന്റെ ഒരു ദൂതാകുന്നു.

ഏലിയാവു് നമുക്കു് സമസ്വഭാവമുള്ള ഒരുവനായിരുന്നു (യാക്കോ. 5: 17). പക്ഷേ അവൻ തന്റെ സ്വന്ത വിവേകത്തിൽ ഊന്നാതെ ദൈവീകാലോചനമാത്രം പിൻപററിയിരുന്നു (സദൃ. 3: 5 - 6, സങ്കീ. 37: 3 - 6). കെരീത്തു് തോട്ടിനരികിൽ ഒളിച്ചുപാർക്കുവാൻ അവനോടു ദൈവമത്രെ കല്പിച്ചതു്. ചോദ്യംചെയ്യാതെ അവൻ അതു് ശിരസ്സാവഹിച്ചു. എന്നാൽ ദൈവത്തിന്റെ ശബ്ദം ദൈവത്തിന്റെ ശുശ്രൂഷകന്മാരെ പരിശോധനാഘട്ടങ്ങളിലേക്കു് ആനയിക്കുന്ന ഒന്നാണെന്നു് പിന്നത്തേതിൽ ജീവിതാനുഭവങ്ങളിലൂടെ അവൻ മനസ്സിലാക്കി. സ്വർണ്ണം മാററേറിയതായിത്തീരുവാൻ അഗ്നിയിൽ പല ആവർത്തി ഉരുക്കപ്പെടേണ്ടതാവശ്യം. നമ്മുടെ വിശ്വാസം വിലയേറിയതായി ഭവിക്കേണ്ടതിനു് വിശ്വാസത്തിന്റെ അഗ്നിശോധന അനിവാര്യമാണു്. ഓരോ വ്യക്തിയിലും അതിന്റെ അളവിൽ വ്യത്യാസമുണ്ടെന്നു മാത്രം.

ദൈവിക പരിപാലനത്താൽ ഏലിയാവു് കെരീത്തിന്റെ സമീപെ പോററപ്പെട്ടു എന്നതു് ഒരു നഗ്നസത്യമാണു്. അശുദ്ധമായ ഒരു പക്ഷിയെ തന്റെ ദാസനെ സഹായിക്കുവാൻ ദൈവം ഉപയോഗിച്ചു (1 രാജാ 17: 6). ദൈവശബ്ദം കേട്ടു് ഇറങ്ങി പുറപ്പെടുന്ന ഏതു വ്യക്തിയെയും പോററി പുലർത്തുവാൻ അന്നും ഇന്നും ദൈവം ശക്തനാണു്, എന്നാൽ ദൈവത്തിന്റെ കാര്യപരിപാടിയിൽ ജീവിതത്തിലെ ഭൗതിക വസ്തുക്കളുടെ ദൗർലഭ്യത്തിൽ കൂടെയും ചിലപ്പോൾ നാം കടന്നുപോകേണ്ടിവരും. 'എന്നാൽ ദേശത്തു മഴ പെയ്യായ്കയാൽ കുറെ ദിവസം കഴിഞ്ഞശേഷം തോടു വററിപ്പോയി'
(1 രാജാ. 17: 7).

വരൾച്ച എന്നതു് ഭൗതീക വീക്ഷണത്തിലും ആത്മീക വീക്ഷണത്തിലും ദൈവികശാപമാണു് (ആവർത്തനം 11: 13-17). എന്നാൽ ഇവിടെ ഭൗതിക വസ്തുക്കളുടെ ദൗർലഭ്യം ഏലിയാവിന്റെ ജീവിതത്തിൽ നേരിട്ടതു് തന്റെ പാപം കാരണമല്ല പ്രത്യുത തന്നെ ആത്മീക ഔന്നത്യത്തിലേക്കും ദൈവിക നിയോഗത്തിലേക്കും വഴിനടത്തുന്നതിനായിരുന്നു. ദൈവത്തിന്റെ മനുഷ്യൻ ഭൗതികനന്മകളിൽ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയം കേന്ദ്രീകരിക്കുവാൻ ചിലപ്പോൾ ഭൗതിക ഉറവുകളെ ദൈവം അടച്ചു എന്നുവരാം. നമ്മെ ആശ്രയജീവിതം പഠിപ്പിക്കുവാൻ ദൈവം ഒരുക്കുന്ന വഴികൾ വിഭിന്നങ്ങളാണു്.

ജീവിതത്തിൽ സുലഭമായി ലഭിച്ചുകൊണ്ടിരുന്ന ദൈവിക പരിപാലനത്തിന്റെ ഉറവുകൾ അടയുമ്പോൾ അതു് ജീവിതത്തിന്റെ കഷ്ടകാലമാണെന്നു കരുതരുതു്. മറെറാരു വാതിൽ മറുവശത്തു് തുറക്കുവാൻ ദൈവം ശക്തനാണു്. പക്ഷേ അതു് മനസ്സിലാക്കുവാൻ കഴിയാതെ ചിന്താമഗ്നനായി ശിരസ്സു നമിച്ചു് അരുവിയുടെ തീരത്തിരിക്കുന്ന ഏലിയാവു് നമ്മുടെ ഓരോരുത്തരുടെയും ഒരു ചിത്രമാണു്. നാം ആശ്രയിക്കുന്ന തണൽ അപ്രതീക്ഷിതമായി മാററപ്പെട്ടാൽ, നമ്മുടെ പ്രതീക്ഷകൾ പൂവണിയാതെ പോയാൽ, ജീവിതത്തിൽ പിടിച്ചുവച്ചിരുന്ന സ്ഥാനവും മാനവും പൊടുന്നനവെ നഷ്ടമായാൽ നമ്മുടെ പ്രതികരണമെന്താണു ? യഥാർത്ഥത്തിൽ ഇങ്ങനെയുള്ള അവസരങ്ങളിലാണു് ഒരു യഥാർത്ഥ ആത്മീകൻ ആരാണെന്നു വ്യക്തമാകുന്നതു്. ആത്മീകൻ ഒരിക്കലും ഭീരുവല്ല!

മനുഷ്യൻ ദൈവാശ്രിതനാണെങ്കിലും പലപ്പോഴും ദാതാവിനെക്കാൾ ദാനത്തിൽ ആശ്രയിച്ചു

MGM Ministries-Article Source: Suvisesha Nadam - Vol. 9, Nov, Dec 1995, No.11 & 12, Page.11, 12

പോകാറുണ്ട്. അതു് തികച്ചും അപകടമാണ്. ധനത്തിൽ വിശ്വസിക്കുന്നതും ദാതാവിൽ വിശ്വസിക്കുന്നതും തമ്മിലുള്ള അന്തരം നാം ഗ്രഹിക്കേണം. ധനത്തിന്റെ ലബ്ധിക്കു സമയകാല പരിമിതി ഉള്ളപ്പോൾ ദാതാവിന്റെ ദയാകടാക്ഷം നിത്യമായുള്ളതാണ്. പ്രവാചകനായ യശയ്യാവു പറയുന്നു 'പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും, എങ്കിലും എന്റെ സമാധാനനിയമം നീങ്ങിപ്പോകയുമില്ല എന്നു നിന്നോടു് കരുണയുള്ള യഹോവ അരുളിച്ചെയ്യുന്നു' (യശ, 54: 10) ഈ നശ്വരമായ ലോകത്തിൽ ധനത്തിന്റെയും കള്ളപ്പണത്തിന്റെയും മറവിൽ നിർഭയം ദീർഘകാലം വസിക്കാമെന്നാണ് പലരുടെയും വിചാരം. എന്നാൽ ധനമോ, ആരോഗ്യമോ, മക്കളോ, സ്ഥാനമാനങ്ങളോ ശാശ്വതമായ സുരക്ഷിതത്വമല്ലെന്നും ദൈവം മാത്രമാണ് നിത്യമായ സഹായി എന്നും ഉള്ള ഉത്തമബോദ്ധ്യം ചിലരുടെ ഹൃദയങ്ങളിലെങ്കിലും ദൈവം നൽകിയിട്ടുള്ളതു് ഓർത്തു് ദൈവത്തെ സ്തുതിക്കുന്നു.

കെരീത്തു തോട്ടിലെ വെള്ളം വററിയതും കാക്കയുടെ വരവു് നിന്നതും ഏലിയാവിനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമായിരുന്നു. പക്ഷേ ഏലിയാവിനെ തന്റെ ശുശ്രൂഷയ്ക്കു് വിളിച്ചു വേർതിരിച്ച ദൈവത്തിനു് അതു് ഒരു പ്രശ്നമായിരുന്നില്ല. ജീവിതത്തിലേക്കു് ശാന്തമായി ഒന്നു തിരിഞ്ഞു നോക്കൂ! എത്ര എത്ര പ്രശ്നങ്ങളാണ് നിങ്ങൾക്കു് പർവ്വതസമാനമായി തോന്നുന്നതു്? എന്നാൽ ഒന്നുമില്ലായ്മയിൽ നിന്നും സകലത്തേയും വിളിച്ചു വരുത്തിയവനായ സർവ്വശക്തനായ ദൈവത്തിനു് നിങ്ങളുടെ ഇപ്പോഴത്തെ പ്രശ്നം ഉത്തരം കിട്ടാത്ത ഒന്നായി അവശേഷിക്കുന്നില്ല. ഈ യാഥാർത്ഥ്യം നിങ്ങൾക്കു വിശ്വസിപ്പാൻ കഴിയുമോ? കെരീത്തിൽ നിന്നും സാരെഫാത്തിൽ എത്തുന്നതുവരെ മാത്രമേ ഏലിയാവിന്റെ ജീവിതത്തിൽ ആഞ്ഞടിച്ച പ്രശ്നത്തിനു നിലനില്പുണ്ടായിരുന്നുള്ളു. താൻ അവിടെ എത്തിയപ്പോൾ ഒരു പുതിയ പ്രഭാതം പൊട്ടി വിടർന്നതുപോലെ, ഇരുൾ മാറി സകലവും വെളിച്ചത്തിൽ വ്യക്തമായതുപോലെ ആയിത്തീർന്നു.

വററിയ തോടിനു് അപ്പുറത്തു് ഒരു സാരെഫാത്തു് ദൈവം ഒരുക്കുന്നുണ്ടെന്നു് വിശ്വസിപ്പാൻ നമുക്കു കഴിയുമെങ്കിൽ, നമ്മുടെ അകത്തെ മനുഷ്യനിൽ സംഭവിച്ചിരിക്കുന്ന ക്ഷീണം നീങ്ങി നിശ്ചയമായും വിശ്വാസജീവിതത്തിൽ മുമ്പോട്ടുകുതിക്കുവാൻ നമ്മുടെ കാലുകൾ തയ്യാറാകും. ദേശത്തു് മഴ പെയ്യുന്ന നാൾ വരെ തന്റെ ഭക്തനുവേണ്ടി ഭക്ഷണവും താമസസ്ഥലവും ഒരുക്കിയ ശേഷം ദൈവം ഏലിയാവോടു പറഞ്ഞു "നീ എഴുന്നേററു് ...... സാരെഫാത്തിലേക്കു പോകുക" സാരെഫാത്തു് എന്നതിനു് ഉത്കൃഷ്ടമാക്കുന്ന ഇടമെന്നോ, ശുദ്ധീകരണശാല എന്നോ അർത്ഥം പറയാം. കെരീത്തു തോട്ടിന്നരികെ വിശ്വാസജീവിതം ഏലിയാവിനെ പഠിപ്പിച്ച ശേഷമാണ് ഈസെബെലിന്റെ ജന്മനാട്ടിലേക്കു് ദൈവം ഏലിയാവിനെ അയച്ചിരിക്കുന്നതു്.

ഉറവുകളും ഉറവിടങ്ങളും അടച്ചശേഷം ശത്രുരാജ്യത്തു് ദരിദ്രയായ വിധവയുടെ വീട്ടിലേക്കു്, അതും ഒഴിഞ്ഞ കലവറയുള്ള ഒരു ഭവനത്തിലേക്കു് ദൈവം ഏലിയാവിനെ അയച്ചതു് എന്തിനാണെന്നു മനുഷ്യബുദ്ധിയിൽ നാം ചോദിച്ചുപോകും. ദൈവത്തിന്റെ മനുഷ്യനെ ദൈവാശ്രയം പഠിപ്പിക്കുവാനും, വിധവയുടെ ഒഴിഞ്ഞ കലവറയെ സമൃദ്ധിയുടെ കലവറയാക്കി മാററുവാനും പദ്ധതി ക്രമീകരിച്ച ദൈവം, ഏലിയാവിനെ വിധവയുടെ കുടിലിൽ എത്തിച്ചു. ജീവിതത്തിലെ അവസാനത്തെ ഭക്ഷണം ഒരുക്കുവാൻ വിറകു ശേഖരിക്കുന്ന വ്യക്തിയെക്കൊണ്ടു്, ദൈവത്തിന്റെ അത്ഭുതത്തിന്റെ ആദ്യത്തെ ഭക്ഷണമേശ തയ്യാറാക്കുവാൻ കഴിയുന്ന ഒരു ദൈവമത്രെ ഏലിയാവിന്റെ ദൈവം. നമുക്കു് ആ ദൈവത്തിൽ മാത്രം ആശ്രയിക്കാം.

സാരെഫാത്തിലെ വിധവയെ സംബന്ധിച്ചിടത്തോളം വററിയ എണ്ണത്തുരുത്തിയും കലത്തിൽ അവശേഷിച്ചിരിക്കുന്ന ഒരു പിടി മാവും ഒരു പ്രശ്നമായിരുന്നു. ഞാൻ നേരത്തെ ഓർപ്പിച്ചതുപോലെ അതു് ദൈവത്തിനു ഒരു പ്രശ്നമായിരുന്നില്ല. നമ്മുടെ ജീവിതത്തിലെ കഷ്ടതയും, വേദനയും, പരിഹാസങ്ങളും കണ്ണുനീരും, ഹൃദയവേദനകളും ദാരിദ്ര്യവും, സ്നേഹിതന്മാരുടെ ശകാരവാക്കുകളും, ഉററവരുടെ വേർപാടും, എല്ലാം ജീവിതത്തിന്റെ ഇടവേളകൾ മാത്രമാണ്. അവ ഒന്നും ജീവിതത്തിന്റെ അവസാനമല്ല. ദൈവത്തിന്റെ അഗോചരമായ വഴികളെ സ്വീകരിക്കുവാൻ വിശ്വാസത്താൽ നാം തയ്യാറാകുക; നമ്മുടെ ഒഴിഞ്ഞ തുരുത്തികൾ നിറഞ്ഞുകവിയും. ദൈവത്തിന്റെ അത്ഭുതം ഓരോന്നായി നമ്മിൽ നിറവേറും.

പ്രിയ സ്നേഹിതാ! വററിയ തോടും ഒഴിഞ്ഞ തുരുത്തിയും നോക്കി നീ ക്ഷീണിതനാകാതെ, നിന്നെക്കുറിച്ചുള്ള സർവ്വശക്തന്റെ ഭാവി കാര്യപരിപാടികൾ എന്തു് എന്നു് ഗ്രഹിപ്പാൻ ആഗ്രഹിക്കുക. മാനുഷിക ശബ്ദത്തിനു് ചെവികൊടുക്കാതെ, ദൈവാലോചനപ്രകാരം ഈ നാളുകളിൽ ജീവിതത്തെ കെട്ടുപണിചെയ്യുക. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.

MGM Ministries-Article Source: Suvisesha Nadam - Vol. 9, Nov, Dec 1995, No.11 & 12, Page 11, 12